**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് പ്രൊമോഷൻ നൽകിയതിലുള്ള അപാകത - ശ്രീ.രാജേഷ്.കെ.ആർ, ശ്രീ.ഷിഞ്ചു കുര്യൻ എന്നീ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ സമർപ്പിച്ച അപേക്ഷകൾ തീർപ്പാക്കി - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 10.02.2015 ലെ O.A.No.(EKM) 92/2015-ന്മേലുള്ള വിധിന്യായം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ)നമ്പർ. **1828**/2015/തസ്വഭവ, തിരുവനന്തപുരം, തീയതി. **19.06.2015**

---

പരാമർശം :- 1. 30.07.2008ലെ ജി.ഒ.(പി) നം.216/08/തസ്വഭവ നമ്പർ വിജ്ഞാപനം.

2. ഗ്രാമവികസന കമ്മീഷണറുടെ 25.02.2014ലെ 16032/എസ്റ്റാ-ബി2/12/സിആർഡി നമ്പർ ഉത്തരവ്.
3. ഗ്രാമവികസന കമ്മീഷണറുടെ 26.02.2014ലെ 3622/എസ്റ്റാ.ബി2/2014/സിആർഡി നമ്പർ ഉത്തരവ്.
4. ശ്രീ.രാജേഷ്.കെ.ആർ, ശ്രീ.ഷിഞ്ചു കുര്യൻ എന്നീ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ സമർപ്പിച്ച 21.07.2014ലെ അപേക്ഷകൾ (A2&A3)
5. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 10.02.2015 ലെ O.A.No.(EKM) 92/2015-ന്മേലുള്ള ഉത്തരവ്.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായ ശ്രീ.രാജേഷ്.കെ.ആർ, ശ്രീ.ഷിഞ്ചു കുര്യൻ എന്നിവർ തങ്ങളേക്കാൾ ജൂനിയറായിട്ടുള്ള നിരവധി പേർക്ക് സീനിയോറിറ്റി മറി കടന്ന്, പ്രൊബേഷൻ നേരത്തെ പൂർത്തീകരിച്ച എന്ന കാരണത്താൽ പ്രൊമോഷൻ നൽകിയിട്ടുണ്ടെന്നും, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I തസ്തിക ഒഴിഞ്ഞു കിടക്കുകയും ടിയാളുകൾ ടെസ്റ്റ് പാസ്സാകുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രൊബേഷൻ കാലയളവ് പൂർത്തീകരിക്കുന്നതിനു മുമ്പ് 06.06.2010 തീയതി പ്രാബല്യത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I തസ്തികയിലേക്ക് പ്രൊമോഷൻ അനുവദിക്കണമെന്നുമാവശ്യപ്പെട്ടു കൊണ്ടു പരാമർശം (4) പ്രകാരം സർക്കാരിൽ നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. അതോടൊപ്പം ഹർജി സർക്കാർ പരിഗണനയിൽ ഇരിക്കവെ തന്നെ ഇവർ തങ്ങളുടെ ഹർജിയിൽ തീർപ്പ് കല്പിക്കാൻ സർക്കാരിന് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A.No.92/2015

ഫയൽ ചെയ്യുകയുണ്ടായി. വിധി പകർപ്പ് ലഭിച്ച് മൂന്നു മാസത്തിനുള്ളിൽ ഹർജിക്കാരെ നേരിൽ കേട്ടതിനു ശേഷം പരാമർശം (4) പ്രകാരമുള്ള അപേക്ഷകൾ തീർപ്പ് കല്പിക്കാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിൻ പ്രകാരം 29.04.2015ൽ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി ശ്രീ.ഷിബു കുര്യൻ, ശ്രീ.രാജേഷ്.കെ.ആർ എന്നിവരെ നേരിൽ കേൾക്കുകയുണ്ടായി.

ശ്രീ.കെ.ആർ.രാജേഷും, ശ്രീ.ഷിബു കുര്യനും സർവ്വീസിൽ പ്രവേശിച്ച് ആദ്യ ചാൻസിൽ തന്നെ നിശ്ചിത സമയപരിധിക്കുള്ളിൽ ട്രെയിനിംഗ് പൂർത്തീകരിക്കുകയും ആദ്യ അവസരത്തിൽ തന്നെ വിജയിക്കുകയും ചെയ്തിട്ടും തങ്ങളേക്കാൾ ജൂനിയറായവർക്ക് ആദ്യം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I തസ്തികയിലേക്ക് പ്രൊമോഷൻ നൽകുകയുണ്ടായെന്നും,ഇവർ വി.ഇ.ഒ.ഗ്രേഡ് II ആയി സർവ്വീസിൽ പ്രവേശിക്കുമ്പോൾ തന്നെ വി.ഇ.ഒ.ഗ്രേഡ് I തസ്തികയിൽ ഒഴിവുകൾ ഉണ്ടായിരുന്നു എന്നും ജോലി സ്വഭാവത്തിൽ വ്യത്യാസമില്ലാത്ത ടി പ്രൊമോഷൻ തസ്തികയിലേക്ക് KS&SSR Rule 28(a)(i) പ്രകാരം പ്രൊബേഷൻ പൂർത്തീകരിക്കാതെ തന്നെ ടെസ്റ്റ് പാസ്സായ തീയതിയിൽ, അതായത് 06.06.2010-ൽ പ്രൊമോഷൻ നൽകേണ്ടതായിരുന്നു എന്നും ഇവർ ബോധിപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.രാജേഷ്,കെ.ആർ, ശ്രീ.ഷിബു കുര്യൻ എന്നീ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ആദ്യ ചാൻസിൽ തന്നെ പ്രീസർവ്വീസ് പരീക്ഷ പാസ്സായതിനാൽ ഇവരുടെ പി.എസ്.സി.അഡ്വൈസ് തീയതിയായ 23.10.2009 തീയതി കണക്കാക്കി പരാമർശം (2) പ്രകാരം ടിയാളുകളുടെ സീനിയോറിറ്റി നിശ്ചയിച്ചിട്ടുണ്ട്. പരാമർശം (3) പ്രകാരമുള്ള ഉത്തരവിൽ ടി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് I$^{st}$ ഗ്രേഡിലേയ്ക്കുള്ള പ്രൊമോഷൻ ലഭിച്ചിരിക്കുന്നത് 06.06.2012 തീയതിയിലും, ടിയാളുകളേക്കാൾ ജൂനിയറായവർക്ക് (സീനിയോറിറ്റി നമ്പർ 69 മുതൽ 74 വരെ, 77,88 തുടങ്ങിയവർ) പ്രൊബേഷൻ കാലയളവ് ആദ്യം പൂർത്തിയാക്കി എന്ന കാരണത്താൽ 03.06.2012, 04.06.2012, 05.06.2012, 19.05.2012, 17.05.2012 എന്നീ തീയതികളിലുമാണ് പ്രൊമോഷൻ ലഭിച്ചിരിക്കുന്നത്. കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 28 (a)(i) പ്രകാരം ഒരു തസ്തികയിലെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കാതെ സ്ഥാനക്കയറ്റത്തിന് അർഹതയില്ല. കൂടാതെ ടി ചട്ടത്തിലെ ഒന്നാം പ്രൊവിസോ പ്രകാരം നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിനായി വിശേഷാൽ ചട്ടങ്ങളിൽ

നിഷ്കർഷിക്കുന്ന കാലയളവിനിടയ്ക്ക് ഉയർന്ന തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനായി, ഒരു സീനിയർ ഉദ്യോഗസ്ഥനെ ടിയാന്റെ നിരീക്ഷണകാലം പ്രഖ്യാപിച്ചിട്ടില്ല എന്ന കാരണം കൊണ്ടു മാത്രം ഒരു ജൂനിയർ ഉദ്യോഗസ്ഥൻ മറികടക്കും എന്നു വരുന്ന സാഹചര്യത്തിൽ, ടിയാൻ മറ്റെല്ലാ തരത്തിലും യോഗ്യനാണെങ്കിൽ ടി പ്രൊവിസോയിൽ നിഷ്കർഷിക്കുന്ന മറ്റു വ്യവസ്ഥകൾക്ക് വിധേയമായി ടി സീനിയർ ഉദ്യോഗസ്ഥന് ഉയർന്ന തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ ശ്രീ.ഷിഞ്ചു കുര്യൻ, ശ്രീ.രാജേഷ്.കെ.ആർ. എന്നീ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് അവരുടെ ജൂനിയറായവർ വി.ഇ.ഒ.ഗ്രേഡ് I ആയി പ്രൊമോഷൻ ലഭിച്ച തീയതികളിൽ പ്രൊമോഷൻ പുനഃസ്ഥാപിച്ചു നൽകുവാനും, സമാന കേസുകൾ കൂടി അപ്രകാരം പരിശോധിക്കാനും ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകി കൊണ്ട് പരാമർശം (4) പ്രകാരമുള്ള അപേക്ഷകൾ തീർപ്പാക്കി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.ജെ.ഉണ്ണികൃഷ്ണൻ
അണ്ടർ സെക്രട്ടറി

ശ്രീ.ഷിഞ്ചു കുര്യൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I,
ബ്ലോക്ക് ഡവലപ് മെന്റ് ഓഫീസ്, കോതമംഗലം.
ശ്രീ.രാജേഷ്.കെ.ആർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I,
ബ്ലോക്ക് ഡവലപ് മെന്റ് ഓഫീസ്, കോതമംഗലം.
(ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ. തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം ( With C/L)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ